## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3614

17.12.2015 ൽ ബഹു: മുഖ്യമന്ത്രി മറുപടി പറയേണ്ടത്

### കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്ട്രെങ്ത് എത്ര; ആയതിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മാർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ എത്ര കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർ അസിസ്റ്റന്റായി ജോലി നോക്കുന്നുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ; | : | ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്ട്രെങ്ത് 101. മൊത്തമായും കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ 7 കമ്പ്യൂട്ടർ അസിസ്റ്റന്റ്, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 7 കമ്പ്യൂട്ടർ അസിസ്റ്റന്റ് ട്രെയിനിമാർ, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ട്രെയിനിമാർ എന്നിവർ ജോലി നോക്കുന്നുണ്ട്. അങ്ങനെ മൊത്തം 20 കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ അസിസ്റ്റന്റ് കേഡറിൽ ജോലി നോക്കി വരുന്നു. |
| (സി) | ഇനിയും എത്രപേർക്ക് ഈ രീതിയിൽ നിയമനം നൽകാനുണ്ട്; | : | ഈ രീതിയിലുള്ള 20% തസ്തികകളിൽ മുഴുവൻ നിയമനവും നൽകിയിട്ടുണ്ട്. |
| (ഡി) | കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | : | കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ കാലതാമസം ഇല്ല. ഇതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകേണ്ടതായിരുന്നു? | : | ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ വേക്കൻസി വന്ന മുറയ്ക്ക് മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**